നെടുങ്ങോലം രാമറാവു ആശുപത്രിക്കായി പുതിയ കെട്ടിട നിർമ്മാണം

128 [904] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുങ്ങോലം രാമറാവു ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടും, അതിന് തുല്യമായ പദവിയിൽ പ്രവർത്തനം നടത്താത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ ;

(ബി) പുതിയ കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 20-3-2003-ലെ സർക്കർ ഇത്തരവ് (ആർറ്റി.) നമ്പർ 846/03/ ആകുവ. പ്രകാരം നെടുങ്ങോലം രാമറാവു ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുകയും അതനുസരിച്ചുള്ള അധിക തസ്തികകൾ പുനർവിന്യാസം മുഖേന നികത്താൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഡോക്ടർമാരെ പുനർ വിന്യസിച്ച് നിയമിച്ചപ്പോൾ അതാത് പ്രദേശ നിവാസികളുടെ എതിർപ്പുമൂലം ഉത്തരവ് നടപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഇപ്പോൾ ഡോക്ടർമാരെ പുനർവിന്യാസം വഴി നിയമിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പരവൂർ മുനിസിപ്പാലിറ്റിയെക്കൊണ്ട് കൂടുതൽ കാലതാമസം ഉണ്ടാകാതെ പണി ആരംഭിക്കുവാൻ നിർദ്ദേശം നല്കുന്നതാണ്.

മഞ്ചേരിയിൽ പണിയുന്ന ആശുപത്രി കെട്ടിടത്തിന്റെ ടെണ്ടർ

129 [905] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ അനുവദിച്ച സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയുടെ കെട്ടിടം പണിയുടെ ടെണ്ടർ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഈ കെട്ടിടം പണി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മഞ്ചേരിയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടത്തിന്റെ ടെണ്ടർ കഴിയുകയും 3-1-2005-ൽ പൊതുമരാമത്ത് വകുപ്പിന് കെട്ടിടം പണിയാനുള്ള സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്.

(ബി) കെട്ടിടം പണി പൊതുമരാമത്ത് വകുപ്പുവഴി എത്രയും വേഗം പൂർത്തിയാക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly